©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2016 ഫെബ്രുവരി 8<br>8th February 2016<br>1191 മകരം 25<br>25th Makaram 1191<br>1937 മാഘം 19<br>19th Magha 1937 | നമ്പർ<br>No. 300 |


## കേരള സർക്കാർ

മത്സ്യബന്ധന-തുറമുഖ (സി) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 03/2016/മ.തു.വ. *തിരുവനന്തപുരം, 2016 ഫെബ്രുവരി 8, 1191 മകരം 25.*

**എസ്. ആർ. ഒ. നമ്പർ 121/2016.**—2014-ലെ കേരള മത്സ്യവിത്ത് ആക്റ്റ് (2015-ലെ 4-ാം ആക്റ്റ്)-ലെ 38-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. 2016.

33/516/2016/S-11.

# ചട്ടങ്ങൾ

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'ആക്റ്റ്'എന്നാൽ 2014-ലെ കേരള മത്സ്യവിത്ത് ആക്റ്റ് (2015-ലെ 4-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) 'ഫാറം' എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു;

(സി) 'വകുപ്പ്' എന്നാൽ ആക്റ്റിലെ വകുപ്പ് എന്ന് അർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## മത്സ്യവിത്ത് കേന്ദ്രങ്ങളും പരീക്ഷണ ശാലകളും സ്ഥാപിക്കൽ

3. മെമ്പർ സെക്രട്ടറിയുടെയും ജീവനക്കാരുടെയും നിയമനം.—ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാനത്തെ മത്സ്യവിത്ത് കേന്ദ്രത്തെ സഹായിക്കുന്നതിനായി ഫിഷറീസ് അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ സർക്കാർ നിയമിക്കേണ്ടതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന് കേരള ഫിഷറീസ് സർവ്വീസിൽ കുറഞ്ഞത് പത്ത് വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യമായ മറ്റ് ജീവനക്കാരെ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം നിയമിക്കേണ്ടതാണ്.



### പട്ടിക

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമനരീതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ജോയിന്റ് ഡയറക്ടർ | 1 | ഫിഷറീസ് വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ/ അപ്രകാരം ജീവനക്കാരെ ലഭ്യമാകാത്ത പക്ഷം കരാർ വ്യവസ്ഥയിൽ |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 2 | |
| 3 | എക്സ്റ്റൻഷൻ ഓഫീസർ | 3 | |
| 4 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | |
| 5 | ജൂനിയർ സൂപ്രണ്ട് | 1 | |
| 6 | സീനിയർ ക്ലർക്ക് | 2 | |
| 7 | ക്ലർക്ക് | 4 | |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | |
| 9 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 1 | |
| 10 | ഡ്രൈവർ | 2 | |
| 11 | ഓഫീസ് അസിസ്റ്റന്റ് | 2 | |

4. ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും സേവന വേതന വ്യവസ്ഥകൾ.—(1) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിലെ ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും സേവന വേതന വ്യവസ്ഥകൾ താഴെ പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(എ) ചെയർപേഴ്സണും നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്കും സിറ്റിംഗ് ഫീസിനും യാത്രാബത്തയ്ക്കും മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.

(ബി) ചെയർപേഴ്സണ് ഒരു സിറ്റിംഗിന് 2,000 രൂപയും നാമനിർദ്ദേശം ചെയ്യപ്പെട്ട മറ്റംഗങ്ങൾക്ക് 1,500 രൂപയും നിരക്കിൽ സിറ്റിംഗ് ഫീസ് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മുകളിൽ പറഞ്ഞിരിക്കുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസിന് പുറമെ യാത്രാബത്തയും ദിനബത്തയും കേരള സർക്കാർ സർവ്വീസിലെ ക്ലാസ്സ്-1 ഓഫീസർമാർക്ക് ലഭിക്കുന്ന നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

5. ജീവനക്കാരുടെ ശമ്പളവും ബത്തയും.—(1) മെമ്പർ സെക്രട്ടറിക്കും ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്ന മറ്റ് ജീവനക്കാർക്കും ശമ്പളം അവർക്ക് മാതൃ വകുപ്പിൽ കാലാകാലങ്ങളിൽ ലഭിക്കുന്ന നിരക്കിൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള ജീവനക്കാരുടെ യാത്രാബത്തയും ദിനബത്തയും കേരള സർക്കാർ സർവ്വീസിലെ വ്യവസ്ഥകൾ പ്രകാരം ആയിരിക്കുന്നതാണ്.

(3) കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കുള്ള വേതനം സർക്കാർ അതത് കാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

6. പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെ സിറ്റിംഗ് ഫീസും യാത്രാബത്തയും.—(1) ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്ക് ഓരോ സിറ്റിംഗിനും 1,500 രൂപ വീതം സിറ്റിംഗ് ഫീസ് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മുകളിൽ പറഞ്ഞിരിക്കുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസിനു പുറമേ യാത്രാബത്തയും ദിനബത്തയും കേരള സർക്കാർ സർവ്വീസിലെ ക്ലാസ്സ്-1 ഓഫീസർമാർക്ക് ലഭിക്കുന്ന നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

7. മത്സ്യവിത്ത് ഉപകേന്ദ്രത്തിലെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ സിറ്റിംഗ് ഫീസും യാത്രാബത്തയും.—(1) മത്സ്യവിത്ത് ഉപകേന്ദ്രത്തിലെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്ക് ഓരോ സിറ്റിംഗിനും 1,000 രൂപ വീതം സിറ്റിംഗ് ഫീസ് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മുകളിൽ പറഞ്ഞിരിക്കുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസിനു പുറമേ യാത്രാബത്തയും ദിനബത്തയും കേരള സർക്കാർ സർവ്വീസിലെ ക്ലാസ്സ്-1 ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

8. സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാനം.—സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാനം എറണാകുളം ആയിരിക്കുന്നതാണ്.



## അദ്ധ്യായം III

## രജിസ്ട്രേഷനും ലൈസൻസും നൽകൽ

9. മത്സ്യവിത്ത് ഫാമുകളുടെയും/ഹാച്ചറികളുടെയും രജിസ്ട്രേഷൻ.—(1) മത്സ്യവിത്ത് ഫാമുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം നമ്പർ 1-ലും മത്സ്യവിത്ത് ഹാച്ചറികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാ ഫോറം നമ്പർ 2-ലും പട്ടിക (1)-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഫീസും ഒടുക്കി, മത്സ്യവിത്ത് ഫാമുകളോ ഹാച്ചറികളോ സ്ഥാപിക്കുന്ന പ്രദേശത്തിന്റെ അധികാര പരിധിയിൽപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന് സമർപ്പിക്കുന്ന അപേക്ഷ 7 ദിവസങ്ങൾക്കകം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള ഓരോ അപേക്ഷയുടെയും കൂടെ ചുവടെ വിവരിക്കുന്ന രേഖകൾകൂടി ഉൾപ്പെടുത്തേണ്ടതാണ്, അതായത്:—

(എ) ലൊക്കേഷൻ പ്ലാൻ/സൈറ്റ് പ്ലാൻ;

(ബി) ഉടമസ്ഥാവകാശ രേഖ, പാട്ടത്തിന് എടുത്തതാണെങ്കിൽ പാട്ടക്കരാർ, ഉടമസ്ഥന്റെ/മാനേജരുടെ തിരിച്ചറിയൽ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ;

(സി) മത്സ്യവിത്ത് ഫാം/ഹാച്ചറിയുടെ, പദ്ധതിരേഖ;

(ഡി) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രമോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രമോ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ.

(3) അപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് ഫാറം നമ്പർ 3-ലെ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയതിനുശേഷം കൈപ്പറ്റു രസീത് നൽകേണ്ടതാണ്.

(4) രജിസ്ട്രേഷൻ ഫീസ്, ബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതമുള്ള പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോറം പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ ലഭിക്കുകയാണെങ്കിൽ അവ ഫാറം നമ്പർ 3-ലെ രജിസ്റ്ററിൽ രേഖപ്പെടുത്തി അപേക്ഷ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമാണോയെന്ന് പരിശോധിച്ചതിനുശേഷവും അതിനു യുക്തമെന്ന് കരുതുന്ന അന്വേഷണം നടത്തിയതിനുശേഷം രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയുണ്ടെന്ന് കാണുന്നപക്ഷം രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണെന്ന ശിപാർശ രേഖപ്പെടുത്തി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് സമർപ്പിക്കേണ്ടതാണ്.

(5) പരിശോധനയിലും അന്വേഷണത്തിലും രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയില്ലായെന്ന് ബോധ്യപ്പെടുന്നപക്ഷം ആ വിവരവും അതിനുള്ള കാരണങ്ങളും രേഖപ്പെടുത്തി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് സമർപ്പിക്കേണ്ടതാണ്.

(6) മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും രജിസ്ട്രേഷനുള്ള അപേക്ഷ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് നേരിട്ട് ലഭിക്കുന്നപക്ഷം പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന് റിപ്പോർട്ടിനായി അയച്ചുകൊടുക്കേണ്ടതാണ്.

(7) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽനിന്നും (6)-ാം ഉപചട്ടം അനുസരിച്ച് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന് അന്വേഷണത്തിനായി നൽകുന്ന അപേക്ഷയിൻമേൽ (3)-ഉം (4)-ഉം ഉപചട്ടങ്ങൾ പ്രകാരമുള്ള പരിശോധനയും അന്വേഷണവും നടത്തി അതനുസരിച്ചുള്ള റിപ്പോർട്ട് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് സമർപ്പിക്കേണ്ടതാണ്.

(8) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം മുമ്പാകെ (3)-ഉം (4)-ഉം (6)-ഉം ഉപ ചട്ടങ്ങൾ പ്രകാരം ലഭിക്കുന്ന അപേക്ഷകളുടെയും ഉള്ളടക്കങ്ങളുടെയും റിപ്പോർട്ടുകളുടെയും നിജസ്ഥിതി പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം ഫാറം നമ്പർ 4-ഉം 5-ഉം പ്രകാരമുള്ള രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയശേഷം ഫാറം നമ്പർ 6-ൽ ഫാമുകൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഫാറം നമ്പർ 7-ൽ ഹാച്ചറികൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും അനുവദിച്ച് നൽകേണ്ടതാണ്.

(9) ഫാമിന്റെയും ഹാച്ചറിയുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് യഥാക്രമം ഫാറം നമ്പർ 6, 7 പ്രകാരം ഒരു അസ്സൽ സർട്ടിഫിക്കറ്റും രണ്ട് പകർപ്പുകളും തയ്യാറാക്കേണ്ടതും അസ്സൽ സർട്ടിഫിക്കറ്റ് അപേക്ഷകന് തപാൽ/കൊറിയർ മാർഗ്ഗം രജിസ്ട്രേഡ് പോസ്റ്റ് ആയി അയച്ചുകൊടുക്കേണ്ടതും ഒരു പകർപ്പ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതും മറ്റൊരു പകർപ്പ് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(10) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളിൽ അതത് കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന മത്സ്യവിത്ത് ഫാമിന്റെയും ഹാച്ചറിയുടെയും ഫാറം നമ്പർ 1-ഉം 2-ഉം പ്രകാരമുള്ള വിശദാംശങ്ങൾ മത്സ്യവിത്ത് കേന്ദ്രം ഫാറം നമ്പർ 8 പ്രകാരമുള്ള രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം അയച്ചുതരുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് പ്രത്യേകമായി സൂക്ഷിക്കേണ്ടതുമാണ്.

(11) രജിസ്ട്രേഷൻ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഒരു അപേക്ഷ ആയത് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ അനുവദിച്ചുകൊണ്ടോ (12)-ാം ഉപചട്ടപ്രകാരമുള്ള കാരണങ്ങളാൽ നിരസിച്ചുകൊണ്ടോ തീർപ്പാക്കേണ്ടതാണ്.



(12) മത്സ്യവിത്ത് ഫാമുകളുടെയോ, ഹാച്ചറികളുടെയോ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഒരു അപേക്ഷ കേരള മത്സ്യവിത്ത് ആക്റ്റിലെയോ, കേരള മത്സ്യവിത്ത് ചട്ടങ്ങളിലെയോ, ബന്ധപ്പെട്ട മറ്റേതെങ്കിലും ആക്റ്റുകളിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്നപക്ഷമോ മറ്റേതെങ്കിലും ഫിഷറീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നോ കഠിനമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുവാനോ രൂപപ്പെടുത്തുവാനോ ഇടയുണ്ടെന്നോ അല്ലെങ്കിൽ നിർദ്ദിഷ്ട പ്രദേശം പാരിസ്ഥിതിക ദുർബല പ്രദേശത്തിൽ ഉൾപ്പെടുന്നുവെന്നോ ബോദ്ധ്യമുള്ളപക്ഷം അത്തരത്തിലുള്ള അപേക്ഷ നിരസിക്കാവുന്നതാണ്.

(13) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായുള്ള ഒരു അപേക്ഷ നിരസിക്കുന്നപക്ഷം അപ്രകാരം നിരസിക്കുന്നതിന്റെ കാരണം ഉത്തരവിൽ രേഖപ്പെടുത്തി അപേക്ഷകന് നൽകേണ്ടതാണ്.

(14) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം അനുവദിച്ച് നൽകിയിട്ടുള്ള രജിസ്ട്രേഷൻ അടയാളം ഇളം നീല പ്രതലത്തിൽ വെള്ളച്ചായത്തിൽ ആലേഖനം ചെയ്ത് മത്സ്യവിത്ത് ഫാം/ഹാച്ചറിയുടെ പ്രവേശന കവാടത്തിനു സമീപം വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(15) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അത് അനുവദിച്ച തീയതി മുതൽ പരമാവധി അഞ്ച് വർഷത്തേയ്ക്കോ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ ആയത് റദ്ദ് ചെയ്യപ്പെടുന്നതുവരെയോ നിലനിൽക്കുന്നതാണ്.

എന്നാൽ അപ്രകാരം റദ്ദാക്കുന്നതിനുമുമ്പ് അത് സംബന്ധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് ഏതെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ അത് ബോധിപ്പിക്കാനുള്ള അവസരം നൽകേണ്ടതാണ്.

(16) നിലവിൽ മറ്റേതെങ്കിലും തരത്തിൽ രജിസ്ട്രേഷനുള്ള മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾ എന്നിവ ഈ ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, സംഘടനകൾ, സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന മത്സ്യവിത്ത് ഫാമുകൾക്കും ഹാച്ചറികൾക്കും ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ബാധകമാണ്.

10. മത്സ്യവിത്ത് ഫാമുകളുടെയും/ഹാച്ചറികളുടെയും രജിസ്ട്രേഷൻ പുതുക്കൽ.—(1) മത്സ്യവിത്ത് ഫാമിന്റെയും ഹാച്ചറികളുടെയും രജിസ്ട്രേഷൻ പുതുക്കുന്നതിനായി യഥാക്രമം ഫാറം നമ്പർ 1-ഉം 2-ഉം പ്രകാരമുള്ള ഓരോ അപേക്ഷയും പട്ടിക 1-ൽ പറഞ്ഞിരിക്കുന്ന ഫീസ് സഹിതം രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് രണ്ട് മാസം മുമ്പായി നിലവിലെ രജിസ്ട്രേഷൻ

സർട്ടിഫിക്കറ്റിനോടൊപ്പം നേരിട്ട് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെയോ ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെയോ മുമ്പാകെ സമർപ്പിക്കേണ്ടതും അപ്രകാരം ലഭിക്കുന്ന ഓരോ അപേക്ഷയിന്മേലും ചട്ടത്തിൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തീരുമാനമെടുത്ത് രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതാണ്.

11. മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾക്ക് ലൈസൻസ് നൽകൽ.—(1) മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾ എന്നിവയുടെ ലൈസൻസിനുവേണ്ടിയുള്ള ഫോറം നമ്പർ 9 പ്രകാരമുള്ള ഓരോ അപേക്ഷയും പട്ടിക (2)-ൽ പറഞ്ഞിരിക്കുന്ന ഫീസ് ഒടുക്കി, പ്രസ്തുത മത്സ്യവിത്ത് ഫാമോ ഹാച്ചറിയോ സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ അധികാരപരിധിയിൽപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) ലൈസൻസിനുള്ള ഓരോ അപേക്ഷയുടെയും കൂടെ ചുവടെ ചേർക്കുന്ന വിവരങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതാണ്, അതായത്:—

(എ) മത്സ്യവിത്ത് ഫാം/ഹാച്ചറിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്;

(ബി) വരുന്ന സാമ്പത്തിക വർഷത്തിൽ ഉത്പാദിപ്പിക്കുവാൻ, വിപണനം നടത്തുവാൻ/കയറ്റുമതി/ഇറക്കുമതി ലക്ഷ്യമിടുന്ന മത്സ്യവിത്ത് ഇനം, തരം, അളവ് എന്നിവ സൂചിപ്പിക്കുന്ന ഫാറം നമ്പർ 10 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്;

(സി) പ്രവർത്തിച്ചുവരുന്ന മത്സ്യവിത്ത് ഫാം/ഹാച്ചറിയ്ക്ക് വേണ്ടിയാണ് ലൈസൻസ് ആവശ്യപ്പെടുന്നത് എങ്കിൽ കഴിഞ്ഞ 12 മാസക്കാലയളവിൽ പ്രസ്തുത മത്സ്യവിത്ത് ഫാം/ഹാച്ചറി മുഖേന ഉൽപാദിപ്പിക്കപ്പെട്ട/വിപണനം/കയറ്റുമതി/ഇറക്കുമതി ചെയ്യപ്പെട്ട മത്സ്യവിത്തിനെ സംബന്ധിച്ച ഫാറം നമ്പർ 11 പ്രകാരമുള്ള റിട്ടേൺ;

(ഡി) ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം ആവശ്യപ്പെടുന്ന മറ്റ് രേഖകൾ.

(3) ലൈസൻസ് ഫീസ് ട്രഷറിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കിയ ചെലാൻ രസീത് പ്രകാരമോ ദേശസാൽകൃത ബാങ്കിൽ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയോ സമർപ്പിക്കാവുന്നതാണ്.

(4) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും മത്സ്യവിത്ത് ഫാം/ഹാച്ചറി സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രദേശത്തിന്റെ അധികാരപരിധിയിൽപ്പെട്ട പ്രാഥമിക മത്സ്യവിത്ത് കേന്ദ്രം മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്കായി നൽകേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻ പരിശോധന റിപ്പോർട്ട് സഹിതം അപേക്ഷ തിരികെ സമർപ്പിക്കേണ്ടതുമാണ്.



(5) ഇപ്രകാരം പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന് ലഭ്യമാക്കുന്ന അപേക്ഷകളും അന്വേഷണ റിപ്പോർട്ടും വിലയിരുത്തി യോഗ്യമാണെന്ന് കാണുന്ന മത്സ്യവിത്ത് ഫാം/ഹാച്ചറിയെ സംബന്ധിച്ച് ഫാറം നമ്പർ 12 പ്രകാരമുള്ള രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയശേഷം ഫാറം നമ്പർ 13-ൽ ലൈസൻസ് അനുവദിച്ച് നൽകേണ്ടതാണ്.

(6) ലൈസൻസ് ഫാറം നമ്പർ 13-ൽ ഒരു അസ്സലും രണ്ട് പകർപ്പുകളും തയ്യാറാക്കേണ്ടതും അസ്സൽ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകേണ്ടതും ഒരു പകർപ്പ് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതും മറ്റൊന്ന് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(7) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ ഫാറം നമ്പർ 12 പ്രകാരമുള്ള മത്സ്യവിത്ത് ഫാം/ഹാച്ചറി മാസ്റ്റർ ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇതിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

(8) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളിൽ നിന്ന് അയച്ചുനൽകുന്ന മത്സ്യവിത്ത് ഫാം/ഹാച്ചറി ലൈസൻസുകൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്.

(9) ലൈസൻസിനായി സമർപ്പിക്കപ്പെട്ട ഒരു അപേക്ഷ ആയത് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ലൈസൻസ് അനുവദിച്ചുകൊണ്ടോ (10)-ഉം (11)-ഉം ഉപചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ നിരസിച്ചുകൊണ്ടോ തീർപ്പാക്കേണ്ടതാണ്.

(10) ലൈസൻസിനായി സമർപ്പിക്കപ്പെട്ട അപേക്ഷ ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കാണുന്നപക്ഷം നിരസിക്കേണ്ടതാണ്.

(11) റിട്ടേൺ ഫയൽ ചെയ്യുന്നതിന് വീഴ്ച വരുത്തിയാലും ലൈസൻസ് റദ്ദാക്കേണ്ടതാണ്.

(12) മത്സ്യവിത്ത് ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിലും പ്രവർത്തനത്തിലെ അപാകതകൾ കണ്ടെത്തി കരിമ്പട്ടികയിൽപ്പെടുത്തുന്ന സാഹചര്യത്തിലും മത്സ്യവിത്ത് ഫാം/ഹാച്ചറിക്ക് നൽകിയ ലൈസൻസ് റദ്ദാക്കേണ്ടതാണ്.

(13) ലൈസൻസ് നൽകിയിട്ടുള്ള മത്സ്യവിത്ത് ഫാം/ഹാച്ചറിയെ സംബന്ധിച്ച് മേൽപ്പറഞ്ഞ കാര്യങ്ങളിൽ പരാതി ലഭിക്കുകയും അധികാരപ്പെടുത്തിയ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ/എക്സ്റ്റൻഷൻ ഓഫീസർ മുഖേന പരിശോധന നടത്തി സ്ഥിരീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നപക്ഷം പ്രസ്തുത ലൈസൻസ് റദ്ദാക്കേണ്ടതാണ്.

33/516/2016/S-11.

(14) ലൈസൻസ് നിരസിക്കുന്നപക്ഷം അപ്രകാരം നിരസിക്കുന്നതിന്റെ കാരണം രേഖപ്പെടുത്തിക്കൊണ്ടുള്ള അറിയിപ്പ് അപേക്ഷകന് നൽകേണ്ടതാണ്.

(15) ലൈസൻസ് അത് അനുവദിച്ച തീയതി മുതൽ പരമാവധി ഒരു സാമ്പത്തിക വർഷത്തേയ്ക്കോ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ അത് റദ്ദുചെയ്യപ്പെടുന്നതുവരെയോ നിലനിൽക്കുന്നതാണ്.

എന്നാൽ, അപ്രകാരം റദ്ദാക്കുമ്പോൾ അത് സംബന്ധിച്ച് ലൈസൻസ് കൈവശക്കാരന് ഏതെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ അത് ബോധിപ്പിക്കുവാൻ അവസരം നൽകേണ്ടതാണ്.

(16) നിലവിൽ പ്രവർത്തിച്ചുവരുന്ന മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ ഈ ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ അറുപതു ദിവസക്കാലയളവിനുള്ളിൽ കേരള മത്സ്യവിത്ത് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസിന് അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.

12. മത്സ്യവിത്ത് ഫാം/ഹാച്ചറികളുടെ ലൈസൻസ് പുതുക്കൽ.—ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് ഒരു മാസം മുമ്പ് മത്സ്യവിത്ത് ഫാമിന്റെയോ ഹാച്ചറിയുടെയോ ലൈസൻസ് പുതുക്കുന്നതിനുള്ള ഓരോ അപേക്ഷയും നിലവിലുള്ള ലൈസൻസിനോടൊപ്പം ഫാറം നമ്പർ 9-ൽ ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതും അത്തരത്തിലുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ, പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന് ഒരു പുതിയ ലൈസൻസ് അനുവദിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ലൈസൻസ് പുതുക്കി നൽകാവുന്നതുമാണ്.

13. മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ഉടമസ്ഥത കൈമാറ്റം ചെയ്യൽ.—(1) മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ഉടമസ്ഥത കൈമാറ്റം ചെയ്യപ്പെടുന്ന സംഗതികളിൽ വിൽപ്പന സംബന്ധിച്ച വിവരം വിൽപ്പന നടന്ന് പതിനഞ്ച് ദിവസത്തിനുള്ളിൽ അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന ഫാറം നമ്പർ 14-ൽ കൈമാറ്റം ചെയ്ത ആളും വാങ്ങിയ ആളും പ്രസ്തുത വിൽപ്പന സംബന്ധിച്ച് ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തെയോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തെയോ നേരിട്ട് അറിയിക്കേണ്ടതാണ്.

(2) ഫാം/ഹാച്ചറി വാങ്ങിയ ആൾ പുതിയ രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ചട്ടപ്രകാരം പാലിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പാലിച്ച് പട്ടിക 1-ൽ കാണുന്ന ഫീസ് ഒടുക്കി നിലവിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ അപേക്ഷ നൽകേണ്ടതാണ്. സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം ഒരു പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുവേണ്ട എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകേണ്ടതാണ്.



(3) ഇപ്രകാരം പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഇക്കാര്യത്തിൽ മറ്റേതെങ്കിലും വ്യവസ്ഥകൾ ഏർപ്പെടുത്താവുന്നതും അപ്രകാരം ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവും മറ്റ് ബന്ധപ്പെട്ട കക്ഷികളും പാലിക്കേണ്ടതുമാണ്.

14. മത്സ്യവിത്ത് ഫാമിന്റെയോ ഹാച്ചറിയുടെയോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ലൈസൻസോ കൈവശമുള്ള ഒരാളിന്റെ കർത്തവ്യങ്ങൾ.—(1) മത്സ്യവിത്ത് ഫാമിന്റെയോ ഹാച്ചറിയുടെയോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ഒരാൾ മത്സ്യവിത്ത്, ബ്രൂഡ് മത്സ്യം എന്നിവയുടെ സ്രോതസ്സ്, അവ എത്തിക്കുന്ന മാർഗ്ഗം, ഉപയോഗിക്കുന്ന ആഹാരത്തിന്റെ ഇനവും അളവും, ഔഷധത്തിന്റെ ഉപയോഗക്രമം, ചികിത്സാ കാലയളവ്, ചികിത്സാ തീയതി, മത്സ്യ ഇനത്തിന്റെ വിവരം, സ്റ്റോക്കിംഗ് നിരക്ക്, മരണനിരക്കിന്റെ വിവരം എന്നിവയുടെ രേഖകളും ദിവസവും വിൽക്കുന്ന ഓരോ ഇനം മത്സ്യവിത്തിന്റെ എണ്ണവും ഭാരവും ഓരോ വിൽപ്പനയുടെയും സ്ഥലവും ഉൾപ്പെടെയുള്ള വിൽപ്പനയുടെ രേഖകൾ ഫാറം 15 പ്രകാരമുള്ള രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ഒരാൾ പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെയോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെയോ അഭ്യർത്ഥനയിൻമേൽ മുകളിൽ പറഞ്ഞിരിക്കുന്ന രജിസ്റ്റർ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള രേഖകൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശം ഉള്ള ആൾ കുറഞ്ഞത് 5 വർഷമെങ്കിലും സൂക്ഷിക്കേണ്ടതാണ്.

(2) മത്സ്യ ഇറക്കുമതി, കയറ്റുമതി, വിപണന കേന്ദ്രം എന്നിവയുടെ ലൈസൻസ് കൈവശമുള്ള ആൾ ഫാറം നമ്പർ 16 പ്രകാരമുള്ള രജിസ്റ്ററിൽ വിവരങ്ങൾ സൂക്ഷിക്കേണ്ടതാണ്.

(3) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദേശിക്കാവുന്ന അത്തരം സമയത്തിനുള്ളിലും അപ്രകാരമുള്ള രീതിയിലും ഈ ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കുന്ന ഏതൊരു രേഖയും അല്ലെങ്കിൽ വിവരവും ഒരു ലൈസൻസി നൽകേണ്ടതാണ്.

## അദ്ധ്യായം IV

## മത്സ്യവിത്ത് ഇൻസ്പെക്ടർമാരും സൂക്ഷ്മ പരിശോധകരും

15. മത്സ്യവിത്ത് ഇൻസ്പെക്ടർമാരുടെയും സൂക്ഷ്മപരിശോധകരുടെയും നിയമനം.—(1) ആക്റ്റിലെ 18-ാം വകുപ്പ് പ്രകാരം നിയമിക്കുന്ന മത്സ്യവിത്ത് ഇൻസ്പെക്ടർമാർക്കും ആക്റ്റിലെ 20-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സൂക്ഷ്മപരിശോധകർക്കും ഫിഷറീസ് സയൻസ് വിഷയങ്ങൾ, സുവോളജി, മൈക്രോബയോളജി, ബയോടെക്നോളജി എന്നിവയിലെ ബിരുദാനന്തര ബിരുദമോ ഫിഷറീസ് സയൻസിലെ പ്രൊഫഷണൽ ബിരുദമോ ഉണ്ടായിരിക്കേണ്ടതാണ്.

(2) മത്സ്യവിത്ത് ഇൻസ്പെക്ടർമാർക്ക് ഏതൊരു സമയത്തും മത്സ്യവിത്ത് ഫാമുകളിലും മത്സ്യവിത്ത് ഹാച്ചറികളിലും പരിശോധന നടത്തുന്നതിനും ആക്റ്റിന്റെ 19-ാം വകുപ്പിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനും ആവശ്യമായി വരുന്ന ഉത്തരവുകൾ രേഖാമൂലം പുറപ്പെടുവിക്കേണ്ടതാണ്.

(3) ഫിഷറീസ് വകുപ്പിലെ ജൂനിയർ ഗസറ്റഡ് തസ്തികയായ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെ മത്സ്യവിത്ത് ഇൻസ്പെക്ടർമാരായി നിയമനം നടത്തേണ്ടതാണ്.

(4) ആക്റ്റിന്റെ സുഗമമായ നിർവ്വഹണത്തിനായി ഏറ്റവും ചുരുങ്ങിയത് ജില്ലയിൽ ഒന്ന് എന്ന നിരക്കിൽ 14 മത്സ്യവിത്ത് ഇൻസ്പെക്ടർമാരെ ഇതിലേക്കായി നിയമിക്കേണ്ടതാണ്.

(5) മത്സ്യവിത്ത് ഇൻസ്പെക്ടർമാർ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിറവേറ്റേണ്ടതുമാണ്.

(6) ആക്റ്റിലെ 19-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും തരത്തിലോ ഇനത്തിലോ ഉൾപ്പെട്ട ഏതെങ്കിലും മത്സ്യവിത്തിന്റെ സാമ്പിൾ എടുക്കുമ്പോൾ ആരിൽ നിന്നാണോ അത് എടുത്തത്, അയാൾ അതിന്റെ വില ആവശ്യപ്പെടുന്നുവെങ്കിൽ അപ്രകാരം ആവശ്യപ്പെട്ടുകൊണ്ട് ഫാറം നമ്പർ 17-ൽ രേഖപ്പെടുത്തലുകൾ നടത്തി, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് സമർപ്പിക്കേണ്ടതാണ്.

(7) ആക്റ്റിലെ 19-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഏത് മത്സ്യവിത്തുമായി ബന്ധപ്പെട്ടാണോ കുറ്റം ചെയ്തിട്ടുള്ളത് അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്നത് അത് കൈവശം വച്ചിരിക്കുന്ന ആളിന് അങ്ങനെയുള്ള മത്സ്യവിത്തിന്റെ ശേഖരം വിൽക്കുന്നതിൽ നിന്നും അയാളെ തടയുന്നതിനായി മത്സ്യവിത്ത് ഇൻസ്പെക്ടർ രേഖാമൂലം ഫാറം നമ്പർ 18 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(8) (7)-ാം ഉപചട്ട പ്രകാരം നടപടി സ്വീകരിച്ചാൽ മത്സ്യവിത്ത് ഇൻസ്പെക്ടർ അതു സംബന്ധിച്ച മെമ്മോറാണ്ടം തയ്യാറാക്കേണ്ടതാണ്.



(9) തയ്യാറാക്കിയ മെമ്മോറാണ്ടവും ഫാറം നമ്പർ 18 പ്രകാരമുള്ള ഉത്തരവിന്റെ പകർപ്പും മത്സ്യവിത്ത് ഇൻസ്പെക്ടർ രേഖാമൂലമായി ന്യായനിർണ്ണയ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(10) ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരെ ഓരോ ജില്ലകളിലും മത്സ്യവിത്ത് സൂക്ഷ്മപരിശോധകരായി നിയമനം നടത്തേണ്ടതാണ്.

(11) പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തുടനീളം മത്സ്യവിത്ത് സൂക്ഷ്മപരിശോധനയ്ക്കായി നിലവിൽ വകുപ്പിന്റെ കീഴിലുള്ള അഞ്ച് ലാബുകൾ വികസിപ്പിക്കുകയും ആവശ്യാനുസരണം കൂടുതൽ ലാബുകൾ അനുവദിക്കേണ്ടതുമാണ്. കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിലവിലുള്ള ലാബുകൾ ഈ ചട്ടത്തിൽ പരാമർശിക്കപ്പെട്ട സൂക്ഷ്മപരിശോധന ലാബുകളായി വികസിപ്പിക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

(12) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾ കൊല്ലം ആസ്ഥാനമായും ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകൾ എറണാകുളം ആസ്ഥാനമായും തൃശ്ശൂർ, പാലക്കാട് ജില്ലകൾ പാലക്കാട് ആസ്ഥാനമായും, മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകൾ കോഴിക്കോട് ആസ്ഥാനമായും കാസറഗോഡ്, കണ്ണൂർ ജില്ലകൾ കണ്ണൂർ ആസ്ഥാനമായും മത്സ്യവിത്ത് ലാബുകളുടെ പ്രവർത്തനം ഉപയോഗപ്പെടുത്തേണ്ടതാണ്.

(13) പ്രസ്തുത മത്സ്യവിത്ത് ലാബുകളിൽ മത്സ്യവിത്ത് സൂക്ഷ്മപരിശോധകർക്കും മത്സ്യവിത്ത് ഇൻസ്പെക്ടർമാർക്കും മേൽ പ്രസ്താവിച്ച വിധത്തിൽ ആധികാരികത പ്രയോഗിക്കാവുന്നതാണ്.

16. <u>സൂക്ഷ്മപരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കേണ്ട രീതി.</u>—(1) 23-ാം വകുപ്പ് പ്രകാരം മത്സ്യവിത്ത് ഇൻസ്പെക്ടർ വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ഇനത്തിലോ തരത്തിലോ ഉൾപ്പെട്ട മത്സ്യവിത്ത് സാമ്പിൾ സൂക്ഷ്മപരിശോധനയ്ക്കായി എടുക്കേണ്ടിവരുന്ന സാഹചര്യത്തിൽ, കൈവശക്കാരന്റെയോ ഉടമസ്ഥന്റെയോ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്.

(2) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം മത്സ്യവിത്ത് ഇൻസ്പെക്ടർ പ്രാഥമിക പരിശോധന നടത്തി മത്സ്യവിത്ത് ഇനം, തരം, ഘട്ടം, പ്രായം, ആകെ എണ്ണം എന്നിവ തിട്ടപ്പെടുത്തേണ്ടതും ആയത് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

(3) പ്രത്യേക സാഹചര്യങ്ങളിൽ അതായത് ഏതെങ്കിലും മത്സ്യരോഗ ബാധ ഉണ്ടാകാം എന്ന അനുമാനത്തിൽ, മത്സ്യവിത്ത് ഇൻസ്പെക്ടർക്ക് ഉചിത മെന്ന് തോന്നുന്നുവെങ്കിൽ പ്രാതിനിധ്യ സ്വഭാവമുള്ള സാമ്പിളുകൾക്ക് പകരം മത്സ്യരോഗം ബാധിച്ചതോ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ പ്രത്യേകമായി ശേഖരിക്കേണ്ടതെന്ന് പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെടുന്നപക്ഷം, സാധ്യമെങ്കിൽ രോഗബാധയുള്ളതും എന്നാൽ, മൃതപ്രായമായതോ അല്ലെങ്കിൽ ജീവൻപോയി അധികം സമയം ആകാത്തതോ ആയ മൂന്ന് സാമ്പിളുകൾ ശേഖരിച്ച് അതിന്റെ സ്വഭാവം അനുവദിക്കുന്ന അങ്ങനെയുള്ള രീതിയിൽ അടയാള പ്പെടുത്തേണ്ടതും സീൽ ചെയ്യേണ്ടതും അല്ലെങ്കിൽ കെട്ടിവയ്ക്കേണ്ടതുമാണ്. ആവശ്യമെങ്കിൽ പ്രത്യേകമായി അണുവിമുക്തമാക്കപ്പെട്ട പാത്രങ്ങൾ ഇതിനായി ഉപയോഗിക്കേണ്ടതാണ്.

(4) (3)-ാം ഉപചട്ട പ്രകാരം ശേഖരിക്കപ്പെട്ട സാമ്പിളിൻമേൽ കൂടുതൽ വിശദമായ പരിശോധന ആവശ്യമുണ്ട് എന്ന് മത്സ്യവിത്ത് ഇൻസ്പെക്ടർ കരുതുന്നുവെങ്കിൽ അപ്രകാരമുള്ള പരിശോധന അംഗീകൃത പരീക്ഷണശാലയിൽ അയച്ചുകൊടുത്ത് നടത്തേണ്ടതാണ്.

(5) തദ്ദേശീയമായി കണ്ടുവരുന്ന ബാക്ടീരിയ, ഫംഗസ്, വൈറസ്, പരാദങ്ങൾ, മറ്റു രോഗാവസ്ഥകൾ എന്നിവയ്ക്ക് പുറമേ ജൈവസുരക്ഷയുമായി ബന്ധപ്പെട്ട അന്തർദേശീയ ഏജൻസിയായ 'ഓഫീസ് ഇന്റർനാഷണൽ ഡെസ് എപ്പിസ്യൂട്ടീസ്' Office International des Epizooties (OTE) രേഖപ്പെടുത്തിയി ട്ടുള്ള വിവിധ മത്സ്യരോഗങ്ങൾ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം തടയുന്നതിനുമായി പ്രത്യേക പരിശോധന ആവശ്യമാണെന്ന് കരുതുന്നു എങ്കിൽ അപ്രകാരമുള്ള പരിശോധനയ്ക്കായി അയയ്ക്കാവുന്നതാണ്.

(6) മുകളിൽ പറഞ്ഞിരിക്കുന്ന ഉപചട്ടങ്ങൾ പ്രകാരം വിശദമായ പരിശോധനയ്ക്ക് അയയ്ക്കുന്ന അടയാളപ്പെടുത്തിയ സാമ്പിളിനോടൊപ്പം സാമ്പിൾ ശേഖരിച്ച സ്ഥലം, തീയതി, മത്സ്യവിത്തിന്റെ ഇനം, തരം, ഘട്ടം, പ്രായം എന്നിവയും അടുത്തകാലത്തായി പ്രസ്തുത ടാങ്കിൽ ചെയ്തുപോരുന്ന തീറ്റ, വളപ്രയോഗ രീതികൾ, രോഗലക്ഷണങ്ങൾ, ജലപരിശോധനയുടെ ഫലം, മലിനീകരണ സാധ്യതകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും ഫാറം നമ്പർ 19-ൽ ഉൾപ്പെടുത്തി സാമ്പിളിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(7) പ്രസ്തുത വിവരങ്ങൾ ഫാറം നമ്പർ 20 പ്രകാരമുള്ള രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്.



(8) (7)-ാം ഉപചട്ട പ്രകാരം ശേഖരിച്ച സാമ്പിളുകൾ പരിശോധനാ കേന്ദ്ര ങ്ങളിൽ ലഭിച്ചുകഴിഞ്ഞാൽ അതു സംബന്ധിച്ച വിവരങ്ങൾ ഫാറം നമ്പർ 21 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി ഫാറം നമ്പർ 22 പ്രകാരമുള്ള കൈപ്പറ്റ് രസീത് നൽകേണ്ടതാണ്.

(9) അപ്രകാരം ലഭിക്കുന്ന സാമ്പിളുകൾ എത്രയും വേഗം തന്നെ പരിശോധന നടത്തേണ്ടതും പരിശോധനാഫലം ഫാറം നമ്പർ 23 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനാ റിപ്പോർട്ട് ഫാറം നമ്പർ 24 പ്രകാരം നൽകേണ്ടതാണ്.

17. മത്സ്യവിത്തുകളുടെ സാക്ഷ്യപ്പെടുത്തൽ.—(1) ആക്റ്റിലെ 21-ാം വകുപ്പ് പ്രകാരം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് ജലകൃഷിക്ക് അനുയോജ്യമായതും പരിസ്ഥിതിക്ക് കോട്ടം വരുത്താത്തതുമായ ഏതൊരു മത്സ്യവിത്തിനെയും സാക്ഷ്യപ്പെടുത്തി നൽകാവുന്നതാണ്.

(2) മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യവിത്ത് മത്സ്യ കർഷകന് സ്വന്തമായി ഉൽപ്പാദിപ്പിക്കാവുന്നതോ, ഏതെങ്കിലും വ്യക്തികളിൽനിന്നോ ഫാമുകൾ, ഹാച്ചറികൾ എന്നിവയിൽ നിന്നോ ശേഖരിച്ചതോ കൃഷിക്കായി ഉപയോഗിക്കാവുന്നതാണ്.

(3) ആക്റ്റിലെ 21-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപേക്ഷയും ഫോറം നമ്പർ 25 പ്രകാരം പട്ടിക 1 പ്രകാരമുള്ള ഫീസ് ഒടുക്കി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് സമർപ്പിക്കേണ്ടതാണ്.

(4) അപേക്ഷയിൽ മത്സ്യവിത്ത് അടങ്ങുന്ന ടാങ്കുകൾ, കണ്ടെയ്നർ/ലോട്ട് പ്രകാരമുള്ള ഇനം, തരം, ഘട്ടം, പ്രായം, എണ്ണം തുടങ്ങിയ വിശദമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

(5) അപേക്ഷയോടൊപ്പം പരീക്ഷണശാലയുടെ, മത്സ്യവിത്ത് ടെസ്റ്റ് റിപ്പോർട്ടിന്റെ അസ്സൽ സമർപ്പിക്കേണ്ടതാണ്.

(6) (5)-ാം ചട്ടപ്രകാരമുള്ള ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷയുമായി ബന്ധപ്പെട്ട മത്സ്യവിത്ത് ഇനിപ്പറയുന്ന ചട്ടങ്ങളിൽ പറഞ്ഞിരി ക്കുന്ന നിലവാരത്തിന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടതിനുശേഷം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം ഫാറം നമ്പർ 26 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി ഫാറം നമ്പർ 27 പ്രകാരം മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ് നൽകേണ്ടതും അതിന്റെ പകർപ്പ് സൂക്ഷിക്കേണ്ടതുമാണ്.

(7) ചെമ്മീൻ വിത്തിന്റെ ഗുണനിലവാര നിർണ്ണയത്തിനുള്ള നിബന്ധനകൾ താഴെ പറയുന്നു :

പട്ടിക

| ക്രമ നമ്പർ | ഘടകങ്ങൾ | പരിശോധന രീതി | നിബന്ധന |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഡബ്ല്യൂ. എസ്. എസ്. വി. | 2 നിലയിലുള്ള നെസ്റ്റഡ് പി. സി. ആർ. | ഇല്ല |
| 2 | എം. ബി. വി./ എച്ച്. പി. വി. | പി. സി. ആർ./ വെറ്റ് മൗണ്ട് | ഇല്ല |
| 3 | സമ്മർദ്ദ ടെസ്റ്റ് | 50 ശതമാനം ഉപ്പിന്റെ പൊടുന്നനെയുള്ള കുറവ് | >100% |
| | | 100 പി. പി. എം. ഫോർമലിനിൽ ഒരു മണിക്കൂർ | >90% |
| 4 | കുടൽ ശരീര അനുപാതം | മൈക്രോസ്കോപ്പ് ഉപയോഗിച്ച് | >4% |
| 5 | ഹെപ്പാറ്റോ പാൻക്രിയാസ് | മൈക്രോസ്കോപ്പ് ഉപയോഗിച്ച് | നിറച്ച് എണ്ണ കണികകൾ |
| 6 | കുടൽ | മൈക്രോസ്കോപ്പ് ഉപയോഗിച്ച് | പൂർണ്ണവും മടക്കുകൾ ഇല്ലാത്തതും |
| 7 | മൃതാവസ്ഥ | മൈക്രോസ്കോപ്പ് ഉപയോഗിച്ച് | ഇല്ല |
| 8 | ദുർഗന്ധം വമിക്കുന്നത് | മൈക്രോസ്കോപ്പ് ഉപയോഗിച്ച് | ഇല്ല |
| 9 | റോസ്ട്രത്തിന്റെ മുകൾവശത്തെ പല്ലുകൾ | മൈക്രോസ്കോപ്പ് ഉപയോഗിച്ച് | >5 |
| 10 | മൊത്തം നീളം | മൈക്രോസ്കോപ്പ് ഉപയോഗിച്ച് | >12 മി.മീ. |
| 11 | വലുപ്പ വ്യത്യാസം | മൈക്രോസ്കോപ്പ് ഉപയോഗിച്ച് | >5% |

*Foot Note:—*

| | | |
|---|---|---|
| WSSV | .. | White Spot Syndrome Virus |
| MBV | .. | Monodon Baculo Virus |
| HPV | .. | Hepato Pancreatic Parvo Virus |
| PCV | .. | Polymerase Chain reaction |
| PPM | .. | Parts per million |



(8) ആറ്റുകൊഞ്ച് വിത്തിന്റെ ഗുണനിലവാര നിർണ്ണയത്തിനുള്ള നിബന്ധനകൾ താഴെ പറയുന്നു:

പട്ടിക

| ക്രമ നമ്പർ | ഘടകങ്ങൾ | നിബന്ധനകൾ |
|---|---|---|
| (1) | (2) | (3) |
| 1 | നിറം | തവിട്ട്, ഓറഞ്ച്, ചുവപ്പ് ഇവ കൂടിച്ചേർന്ന ഉദരഖണ്ഡങ്ങൾ |
| 2 | പ്രവർത്തന ശേഷി | ഉത്സാഹത്തോടെയുള്ള ചലനം |
| 3 | ഭക്ഷണ രീതി | തീറ്റ വേഗത്തിൽ സ്വീകരിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നു |
| 4 | പുറംതോട് | വൃത്തിയുള്ള പുറം തോട്, ദുഷിപ്പിക്കുന്ന ജീവജാലങ്ങൾ ഇല്ലാതിരിക്കുക |
| 5 | മാംസപേശി | കുടലിനു താഴെ പൂർണ്ണമായും നിറഞ്ഞിരിക്കുന്ന വൃത്തിയും, മിനുസവും, കട്ടി കൂടിയതുമായ മാംസപേശികൾ |
| 6 | കുടൽ | നിറഞ്ഞ കുടൽ |
| 7 | മാംസപേശികൾ, കുടൽ എന്നിവയുടെ അനുപാതം | ഉദരപേശിയുടേയും വൻകുടലിന്റേയും അനുപാതം 4:1 അഥവാ അതിൽ കൂടുതൽ |
| 8 | വർണ്ണ വസ്തു | വർണ്ണകലകൾ, നല്ലവണ്ണം വ്യാപിച്ചിരിക്കുക (പിങ്ക് അഥവാ ആമ്പർ നിറം) |
| 9 | കാലുകൾ | യാതൊരുവിധകേടുകളും സംഭവിക്കാത്തവ യൂറോ പോടുകൾ വിശറിപോലെ വിരിഞ്ഞിരിക്കുക |

(9) സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നിരസിക്കുന്നപക്ഷം നിരസിക്കാനിടയായ കാരണങ്ങൾ രേഖപ്പെടുത്തിയ അറിയിപ്പ് 60 ദിവസത്തിനുള്ളിൽ അപേക്ഷകന് നൽകേണ്ടതാണ്.

(10) സർട്ടിഫിക്കറ്റ് മറ്റ് തരത്തിൽ റദ്ദാക്കപ്പെടാത്തപക്ഷം ഏത് തരത്തിലുള്ള ഇനത്തിലോ/തരത്തിലോപ്പെട്ട മത്സ്യവിത്തിനാണോ നൽകിയത് അപ്രകാരമുള്ള തരത്തിലോ ഇനത്തിലോപ്പെട്ട മത്സ്യവിത്തിന് മാത്രം ബാധകമായിരിക്കുന്നതാണ്.

33/516/16

(11) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് തക്കതായ കാരണങ്ങൾ എഴുതി രേഖപ്പെടുത്തിക്കൊണ്ട് ഇപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം താൽക്കാലികമായി മരവിപ്പിക്കുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

(12) ഈ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.

(13) അധികാരപ്പെട്ട ഉദ്യോഗസ്ഥനോ, സംസ്ഥാന മത്സ്യവിതരണ കേന്ദ്രമോ, പ്രാദേശിക മത്സ്യവിത്ത് കേന്ദ്രമോ ആവശ്യപ്പെടുമ്പോഴൊക്കെ പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(14) ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

18. <u>പ്രത്യേകമായ സാഹചര്യങ്ങളിൽ മത്സ്യവിത്ത് സാമ്പിളുകൾ ശേഖരിക്കാൻ മത്സ്യവിത്ത് ഇൻസ്പെക്ടർമാർക്കുള്ള അധികാരം.</u>—(1) മത്സ്യവിത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്കായി ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ശേഖരിക്കുമ്പോൾ ആക്റ്റിലെ 23-ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിന്നും മത്സ്യവിത്ത് ഇൻസ്പെക്ടർമാരെ ഒഴിവാക്കാവുന്നതാണ്, അതായത്:—

(എ) മത്സ്യവിത്തുകൾ അപകടകരമാംവിധം അസുഖങ്ങൾ ബാധിച്ചവയാണെന്ന ഒരു പരാതിയിന്മേൽ മത്സ്യവിത്ത് സാമ്പിളുകൾ ശേഖരിക്കുമ്പോൾ :

(ബി) സാധാരണയായ പരിശോധനയിൽ മത്സ്യവിത്തുകൾ അസുഖം ബാധിച്ചവയാണെന്ന് ബോധ്യപ്പെടുന്ന സംഗതിയിൽ.

## അദ്ധ്യായം V

## ന്യായ നിർണ്ണയം

19. <u>ന്യായനിർണ്ണയ ഓഫീസർ അന്വേഷണം നടത്തേണ്ട രീതി.</u>— (1) ആക്റ്റിലെ 30-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുമ്പോൾ ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും രജിസ്റ്റേർഡ് തപാൽ ആയി/കൊറിയർ മുഖേന നോട്ടീസ് നൽകി അവർക്ക് പറയുവാനുള്ളത് രേഖപ്പെടുത്തേണ്ടതും അതു സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ അപ്രകാരം ഹാജരാക്കുന്നതിനുള്ള അവസരം നൽകേണ്ടതുമാണ്.

(2) പരാമർശ വിഷയമായ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.



(3) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളും നേരിട്ട് കേട്ടതിൽ രേഖപ്പെടുത്തിയ വിവരങ്ങളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിനുശേഷം ആക്റ്റിലെ 31-ാം വകുപ്പ് പ്രകാരം ഏതെങ്കിലും തരത്തിലുള്ള ലംഘനം നടത്തിയിട്ടുണ്ടോയെന്ന് തീരുമാനിക്കേണ്ടതും അതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

20. <u>മത്സ്യവിത്ത് ഇൻസ്പെക്ടർ ന്യായനിർണ്ണയ ഓഫീസർമാർക്ക് റിപ്പോർട്ട് നൽകേണ്ട രീതി.</u>—ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഉദ്ദേശ്യം നിറവേറ്റുന്നതിനായി മത്സ്യവിത്ത് ഇൻസ്പെക്ടർമാർ ന്യായനിർണ്ണയ ഓഫീസർമാർക്ക് റിപ്പോർട്ട് നൽകുമ്പോൾ റിപ്പോർട്ടിൽ, റിപ്പോർട്ട് നൽകുന്നതിനാധാരമായ എല്ലാ വസ്തുതകളും ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതും മറ്റൊരു പകർപ്പ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് അയച്ചുകൊടുക്കേണ്ടതുമാണ്.

21. <u>കരിമ്പട്ടികയിൽപ്പെടുത്തേണ്ട രീതി.</u>—(1) ആക്റ്റിലെയോ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സംഗതിയിൽ സൂക്ഷ്മ പരിശോധകരോ ഇൻസ്പെക്ടർമാരോ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ അത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യമായ തെളിവ് രേഖകൾ ഉൾപ്പെടെ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

(2) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സ്വമേധയായോ അല്ലെങ്കിൽ (1)-ാം ഉപചട്ടപ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിലോ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകി പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതും മുൻകൂട്ടി നിശ്ചയിക്കുന്ന തീയതിയിലും സമയത്തും സ്ഥലത്തും ബന്ധപ്പെട്ട കക്ഷികൾക്ക് നേരിട്ട് ഹാജരായി പറയാനുള്ളത് പറയാൻ ആവശ്യപ്പെടാവുന്നതും ആണ്.

(3) ന്യായ നിർണ്ണയ ഉദ്യോഗസ്ഥൻ ഒരു ഉത്തരവ് പാസ്സാക്കുന്നതിനു മുമ്പ് ഈ സംഗതിയിൽ ലഭിച്ച റിപ്പോർട്ടും അത് സംബന്ധിച്ച വസ്തുതകളും മറ്റു തെളിവുകളും പരിശോധിക്കുകയും തടസ്സവാദങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തടസ്സവാദങ്ങളും നേരിൽ കേട്ടിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള വിവരങ്ങളും പരിഗണിക്കുകയും ചെയ്തിരിക്കേണ്ടതാണ്.

(4) ഏതെങ്കിലും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യായനിർണ്ണയ ആഫീസർ അന്വേഷണം നടത്തിയതിനുശേഷം (1) മുതൽ (3) വരെ ഉപചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ആക്റ്റിലെയോ, അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും ഉത്തരവിലേയോ ലൈസൻസിലെയോ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്ന് ബോദ്ധ്യമായി ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ള സംഗതിയിൽ തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ അപ്രകാരമുള്ള ലംഘനം ആവർത്തിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അപ്രകാരം കുറ്റകൃത്യം ചെയ്തിട്ടുള്ള മത്സ്യവിത്ത് ഫാമിനേയോ ഹാച്ചറിയേയോ ഏജൻസിയേയോ അസോസിയേഷനേയോ ഫേമിനേയോ കമ്പനിയേയോ കരിമ്പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.

(5) ന്യായനിർണ്ണയ ഓഫീസർ (1)-ാം ഉപചട്ട പ്രകാരം ഏതെങ്കിലും മത്സ്യവിത്ത് ഫാമിനേയോ ഹാച്ചറിയേയോ കമ്പനിയേയോ ഏജൻസിയേയോ അസോസിയേഷനേയോ ഫേമിനേയോ കരിമ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായി കണ്ടെത്തിയാൽ അത്തരം സ്ഥാപനങ്ങളുടെ അസ്തിത്വത്തെ സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾപ്പെടുത്തി കരിമ്പട്ടികയിൽപ്പെടുത്തി ന്യായനിർണ്ണയ ഓഫീസർക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിനും നൽകേണ്ടതാണ്.

(6) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം (2)-ാം ഉപചട്ട പ്രകാരമുള്ള ഉത്തരവിന്റെ പകർപ്പ് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കേണ്ടതാണ്.

(7) (3)-ാം ഉപചട്ട പ്രകാരമുള്ള ന്യായ നിർണ്ണയ ഓഫീസറുടെ ഉത്തരവിനാൽ സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും ആക്റ്റിലെ 32-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പട്ടിക (4) പ്രകാരമുള്ള ഫീസ് ഒടുക്കി അപ്പലേറ്റ് അധികാരി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

22. <u>മത്സ്യവിത്ത് കണ്ടുകെട്ടൽ</u>.—(1) ആക്റ്റിലെ 34-ാം വകുപ്പ് പ്രകാരം കണ്ടുകെട്ടുന്ന മത്സ്യവിത്ത് രോഗം ബാധിച്ചവയോ കൃഷിക്കായി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കാത്ത വിദേശയിനം മത്സ്യവിത്തോ ആണെങ്കിൽ അപ്രകാരമുള്ള മത്സ്യവിത്ത് ന്യായനിർണ്ണയ ഓഫീസറുടെ അനുമതിയോടെ മത്സ്യവിത്ത് ഇൻസ്പെക്ടർ നശിപ്പിച്ചുകളയേണ്ടതാണ്.

(2) അപ്രകാരം കണ്ടുകെട്ടുന്ന മത്സ്യവിത്ത് (1)-ാം ഉപചട്ടത്തിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ളവയല്ലായെങ്കിൽ ആയത് സർക്കാരിന്റെ അധീനതയിലുള്ള ഏതെങ്കിലും മത്സ്യവിത്ത് ഫാമിലോ ഹാച്ചറിയിലോ ഉപയോഗപ്പെടുത്താവുന്നതാണ്:

എന്നാൽ ഏതെങ്കിലും കാരണംകൊണ്ട് അപ്രകാരം ഉപയോഗപ്പെടുത്തുന്നതിന് സാധിക്കുന്നില്ലായെങ്കിൽ അപ്രകാരമുള്ള മത്സ്യവിത്ത് പൊതുലേലത്തിലൂടെ വിറ്റഴിച്ച് സർക്കാരിലേക്ക് കണ്ടുകെട്ടേണ്ടതാണ്.



ഫാറം നമ്പർ 1

[ചട്ടം 9(1)-ഉം 10-ഉം കാണുക]

**മത്സ്യവിത്ത് ഫാമുകളുടെ രജിസ്ട്രേഷനുള്ള/രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ**

1. ഫാമിന്റെ പേരും വിലാസവും ..

   ഫോൺ നമ്പർ ..

   ഇ-മെയിൽ ..

2. പുതുക്കുന്നതിനുള്ള അപേക്ഷയാണെങ്കിൽ പഴയ രജിസ്ട്രേഷൻ നമ്പർ ..

3. ഉടമസ്ഥാവകാശം ( /ചെയ്യുക) .. സർക്കാർ/സഹകരണ സംഘം/സൊസൈറ്റി/സ്വകാര്യ കമ്പനി/വൻകിട കമ്പനി/വ്യക്തി

4. അപേക്ഷകരുടെ പേര് :

   (എ) വിലാസം ..

   (ബി) ഫോൺ ..

   (സി) ഇ-മെയിൽ ..

5. സ്ഥാപിച്ച വർഷം ..

6. ഫാം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരം :

   (എ) വില്ലേജ് ..

   (ബി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, വാർഡ് നമ്പർ, ഡോർ നമ്പർ ..

   (സി) താലൂക്ക്, ജില്ല ..

7. ഫാമിന്റെ വിസ്തൃതി :

(എ) ആകെ വിസ്തൃതി .. ഹെക്ടർ (സ്വന്തം/പാട്ടത്തിന്)

(ബി) പാട്ടത്തിനെങ്കിൽ പാട്ടക്കാലാവധി ..

(സി) ജലാശയത്തിന്റെ വിസ്തൃതി ..

സർവ്വേ നമ്പർ ..

8. റിയറിംഗ് കുളം, ടാങ്കുകൾ ..

9. കഴിഞ്ഞ 5 വർഷമായി ഉൽപ്പാദിപ്പിച്ച് വിറ്റുകൊണ്ടിരിക്കുന്ന മത്സ്യ ഇനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ :

(നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്ക് മാത്രം ബാധകം)

| ക്രമ നമ്പർ | വർഷം | ഇനം | എണ്ണം | മത്സ്യകുഞ്ഞുങ്ങളുടെ സ്രോതസ്സ് |
|---|---|---|---|---|
| | | | | |

10. പുതിയ അപേക്ഷകനാണെങ്കിൽ മത്സ്യക്കുഞ്ഞുങ്ങളെ ശേഖരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഹാച്ചറിയുടെ/ഫാമിന്റെ വിവരം ..

11. ഫാം വെള്ളപ്പൊക്ക സാധ്യത ഉള്ള പ്രദേശത്താണോ സ്ഥിതി ചെയ്യുന്നത്, ആണെങ്കിൽ ഏറ്റവും അവസാനം വെള്ളപ്പൊക്കമുണ്ടായ വർഷം ..



12. ഫാമിന്റെ പ്രഖ്യാപിത ഉൽപ്പാദന ശേഷി ..

13. ജലസ്രോതസ്സ് .. കുഴൽക്കിണർ/റിസർവോയർ/ജലസേചന കനാൽ/തുറന്ന കിണർ/കുളം/പുഴ/കടൽ/കായൽ

14. ഊർജ്ജ സ്രോതസ്സ് .. വൈദ്യുതി/ഡീസൽ/സൗരോർജ്ജം/മറ്റുള്ളവ

15. ഫാം ഏതെങ്കിലും മലിനീകരണ പ്രശ്നമുള്ള പ്രദേശത്താണോ, ആണെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ :

16. ഫാം ജീവനക്കാരുടെ വിവരം :

| ആകെ | സാങ്കേതികം | നോൺ ടെക്നിക്കൽ |
|---|---|---|
| | | |

17. ഫാം മാനേജർ/സാങ്കേതിക ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും ..

## സത്യപ്രസ്താവന

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

## അന്വേഷണ റിപ്പോർട്ട്

പരിശോധനയിൽ മേൽപ്പറഞ്ഞ വിവരങ്ങൾ സത്യമാണെന്നും/താഴെപ്പറയുന്ന ന്യൂനതകൾ പരിഗണിച്ചശേഷം രജിസ്ട്രേഷൻ അനുവദിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

സ്ഥലം :

തീയതി :

പേരും
ഒപ്പും തീയതിയും
ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ.

## സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ തീരുമാനം

(ഓഫീസ് സീൽ)

താഴെപ്പറയും പ്രകാരമുള്ള രജിസ്ട്രേഷൻ അനുവദിച്ചിരിക്കുന്നു/ന്യൂനതകളിൽ രജിസ്ട്രേഷൻ നിരസിച്ചിരിക്കുന്നു.

തീരുമാന നമ്പർ : തീയതി :

രജിസ്ട്രേഷൻ നമ്പർ :

(ഒപ്പ്)

മെമ്പർ സെക്രട്ടറി

### കൈപ്പറ്റ് രസീത്

നമ്പർ........................../വർഷം സ്ഥലം :

തീയതി :

*വിഷയം:*—മത്സ്യവിത്തു ഫാമുകളുടെ രജിസ്ട്രേഷൻ അപേക്ഷ . അപേക്ഷകന്റെ പേര്, വിലാസം

(ഒപ്പ്)

അപേക്ഷ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ ഒപ്പും ഉദ്യോഗപ്പേരും.

ഉള്ളടക്കം ചെയ്യേണ്ട രേഖകൾ :

(1) ലൊക്കേഷൻ പ്ലാൻ/സൈറ്റ് പ്ലാൻ.

(2) ഭൂമി ഉടമസ്ഥാവകാശ രേഖ/പാട്ടത്തിനാണെങ്കിൽ കരാറിന്റെ പകർപ്പ് (കുറഞ്ഞത് 5 വർഷത്തേക്ക്).

(3) ഉടമസ്ഥന്റെ/മാനേജരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്.

(4) പ്രോജക്ട് റിപ്പോർട്ട്.

(5) നിശ്ചിത ഫീസ് ഒടുക്കിയ രേഖ.

(6) പദ്ധതി രേഖ.

(7) പ്രാദേശിക/സംസ്ഥാന/കേന്ദ്രമോ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ.



ഫാറം നമ്പർ 2

[ചട്ടം 9 (1)-ഉം 10-ഉം കാണുക]

## മത്സ്യവിത്ത് ഹാച്ചറിയുടെ രജിസ്ട്രേഷനുള്ള/രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ

1. ഹാച്ചറിയുടെ പേരും വിലാസവും ..

ഹാച്ചറിയുടെ തരം ..
(ചെമ്മീൻ/മത്സ്യം/മറ്റുള്ളവ)

ഫോൺ നമ്പർ ..

ഇ-മെയിൽ ..

2. പുതുക്കുന്നതിനുള്ള അപേക്ഷ യാണെങ്കിൽ പഴയ രജിസ്ട്രേഷൻ നമ്പർ ..

3. ഉടമസ്ഥാവകാശം ( /ചെയ്യുക) .. സർക്കാർ/സഹകരണ സംഘം/ സൊസൈറ്റി/സ്വകാര്യ കമ്പനി/ വ്യക്തി

4. അപേക്ഷകരുടെ പേര് :

(എ) വിലാസം ..

(ബി) ഫോൺ ..

(സി) ഇ-മെയിൽ ..

5. സ്ഥാപിച്ച വർഷം ..

6. ഹാച്ചറി സ്ഥിതിചെയ്യുന്ന സ്ഥലവിവരം :

(എ) വില്ലേജ് ..

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, വാർഡ് നമ്പർ, ഡോർ നമ്പർ ..

(സി) താലൂക്ക്, ജില്ല ..

7. ഹാച്ചറി വിസ്തൃതി :

(എ) ആകെ വിസ്തൃതി .. ഹെക്ടർ (സ്വന്തം/പാട്ടത്തിന്)

(ബി) പാട്ടത്തിനെങ്കിൽ പാട്ടക്കാലാവധി ..

(സി) ജലാശയത്തിന്റെ വിസ്തൃതി ..

സർവ്വേ നമ്പർ ..

8.

| ഹാച്ചറി വിശദവിവരങ്ങൾ | എണ്ണം | വിസ്തൃതി |
|---|---|---|
| (എ) ബ്രൂഡ് മത്സ്യ കുളങ്ങൾ/ടാങ്കുകൾ | | |
| (ബി) ബ്രീഡിംഗ് കുളങ്ങൾ/ടാങ്കുകൾ | | |
| (സി) ഇൻകുബേഷൻ പൂൾ/ടാങ്കുകൾ | | |
| (ഡി) റിയറിംഗ് കുളം/ടാങ്കുകൾ | | |

9. കഴിഞ്ഞ 5 വർഷമായി പരിപാലിച്ചുപോരുന്ന ബ്രൂഡ് മത്സ്യങ്ങൾ (നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയ്ക്ക് മാത്രം ബാധകം)

| ക്രമ നമ്പർ | വർഷം | ഇനം | ലിംഗം | എണ്ണം | സ്രോതസ്സ് |
|---|---|---|---|---|---|
| | | | | | |

10. ഹാച്ചറി വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശത്താണോ സ്ഥിതി ചെയ്യുന്നത്, ആണെങ്കിൽ ഏറ്റവും അവസാനം വെള്ളപ്പൊക്കമുണ്ടായ വർഷം ..



11. ഹാച്ചറിയുടെ പ്രഖ്യാപിത ഉൽപ്പാദന ശേഷി ..

12. ജലസ്രോതസ്സ് .. കുഴൽക്കിണർ/റിസർവോയർ/ജലസേചന കനാൽ/തുറന്ന കിണർ/കുളം/പുഴ/കടൽ/കായൽ

13. ഊർജ്ജ സ്രോതസ്സ് .. വൈദ്യുതി/ഡീസൽ/സൗരോർജ്ജം/മറ്റുള്ളവ

14. ഹാച്ചറിസ്ഥലം ഏതെങ്കിലും മലിനീകരണ പ്രശ്നമുള്ള പ്രദേശത്താണോ, ആണെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ..

15. ഹാച്ചറി ജീവനക്കാരുടെ വിവരം :

| ആകെ | സാങ്കേതികം | സാങ്കേതികേതരം |
|---|---|---|
| | | |

16. ഹാച്ചറി മാനേജർ/സാങ്കേതിക ജീവനക്കാരന്റെ വിദ്യാഭ്യാസ യോഗ്യത/പ്രവൃത്തി പരിചയം ..

17. ഹാച്ചറിയുമായി ബന്ധപ്പെട്ട് മറ്റ് അധിക വിവരങ്ങൾ ഉണ്ടെങ്കിൽ അപ്രകാരമുള്ള വിവരങ്ങൾ ..

18. ഫീസ് ഒടുക്കിയതിന്റെ വിവരം ..

**സത്യപ്രസ്താവന**

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

ഔദ്യോഗിക ആവശ്യത്തിന് മാത്രം

**അന്വേഷണ റിപ്പോർട്ട്**

അന്വേഷണം നടത്തിയതിൽ ഇനിപ്പറയുന്ന കാരണങ്ങളാൽ രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്/നിരസിക്കാവുന്നതാണ്.

സ്ഥലം : ഒപ്പും പേരും
തീയതി : ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ.

പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെ ശുപാർശ രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്/നിരസിക്കാവുന്നതാണ്.

**സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ തീരുമാനം**

(ഓഫീസ് സീൽ)

താഴെപ്പറയും പ്രകാരമുള്ള രജിസ്ട്രേഷൻ അനുവദിച്ചിരിക്കുന്നു/ ന്യൂനതകളാൽ രജിസ്ട്രേഷൻ നിരസിച്ചിരിക്കുന്നു.

തീരുമാന നമ്പർ : തീയതി :

രജിസ്ട്രേഷൻ നമ്പർ :

(ഒപ്പ്)
മെമ്പർ സെക്രട്ടറി

**കൈപ്പറ്റ് രസീത്**

നമ്പർ........................../വർഷം സ്ഥലം :
തീയതി :

വിഷയം:—മത്സ്യ വിത്തുൽപാദന കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ അപേക്ഷ
അപേക്ഷകന്റെ പേര്, വിലാസം

(ഒപ്പ്)
അപേക്ഷ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ
ഒപ്പും ഉദ്യോഗപ്പേരും

ഉള്ളടക്കം ചെയ്യേണ്ട രേഖകൾ :

(1) ലൊക്കേഷൻ പ്ലാൻ/സൈറ്റ് പ്ലാൻ.
(2) ഭൂമി ഉടമസ്ഥാവകാശ രേഖ/പാട്ടത്തിനാണെങ്കിൽ പാട്ടത്തിന്റെ രേഖ (കുറഞ്ഞത് 5 വർഷത്തേക്ക്).
(3) ഉടമസ്ഥന്റെ/മാനേജരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്.
(4) പദ്ധതി റിപ്പോർട്ട്.
(5) നിശ്ചിത ഫീസ് ഒടുക്കിയ രേഖ.



ഫാറം നമ്പർ 3

[ചട്ടം 9(3)-ഉം 10-ഉം കാണുക]

**ഹാച്ചറി/ഫാം രജിസ്ട്രേഷൻ/ലൈസൻസ് അപേക്ഷ കൈപ്പറ്റ് രസീത് രജിസ്റ്റർ**

| ക്രമനമ്പർ | തീയതി | അപേക്ഷകന്റെ പേരും വിലാസവും | അപേക്ഷയുടെ സ്വഭാവം | | | | | | | പരിശോധനയ്ക്ക് നൽകിയ തീയതിയും വിശദാംശവും | അപേക്ഷ കൈപ്പറ്റിയ പരിശോധകന്റെ ഒപ്പ് | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഹാച്ചറി രജിസ്ട്രേഷൻ | ഫാം രജിസ്ട്രേഷൻ | ഹാച്ചറി ലൈസൻസ് | ഫാം ലൈസൻസ് | വിപണനം | ഇറക്കുമതി | കയറ്റുമതി | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| | | | | | | | | | | | | |

## ഫാറം നമ്പർ 4

[ചട്ടം 9(8)-ഉം 10-ഉം കാണുക]

### മത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ

| ക്രമനമ്പർ | ഹാച്ചറിയുടെ പേരും വിലാസവും | ഉടമസ്ഥന്റെ/മാനേജർ പേരും വിലാസവും | ഉടമസ്ഥത സ്വഭാവം സ്വന്തം/പാട്ടം | സർവ്വേ നമ്പർ | വിസ്തൃതി | | | | | | | | | വില്ലേജ് | ഹാച്ചറി വിവരം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | | | | | | | | | (7) | (8) |
| | | | | | (1) ആകെ ജല വിസ്തൃതി | (2) പൊരുന്ന് മത്സ്യക്കുളങ്ങളുടെ വിസ്തൃതിയും (ച.മീ.) എണ്ണവും | (3) പറ്റൽ കുളങ്ങളുടെ വിസ്തൃതിയും (ച.മീ.) എണ്ണവും | (4) ഇൻകുബേഷൻ കുളങ്ങളുടെ വിസ്തൃതിയും (ച.മീ.) എണ്ണവും | (5) റിയറിംഗ് കുളത്തിന്റെ വിസ്തൃതിയും (ച.മീ.) എണ്ണവും | (6) ഹാച്ചറിയുടെ പ്രത്യുൽപ്പാദന ക്ഷമത | (7) ഉൽപ്പാദിപ്പിക്കേണ്ട മത്സ്യത്തിന്റെ/ഇനത്തിന്റെ/തരത്തിന്റെ പേര് | (8) ഫീസ് ഒടുക്കിയതിന്റെ വിവരം | (9) രജിസ്ട്രേഷൻ നമ്പരും തീയതിയും | | |
| | | | | | | | | | | | | | | | |

തീയതി :

അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ്.



## ഫാറം നമ്പർ 5

[ചട്ടം 9 (3)-ഉം 10-ഉം കാണുക]

### മത്സ്യവിത്ത് ഫാമുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ

| നമ്പർ | ഫാമിന്റെ പേരും വിലാസവും | ഉടമസ്ഥന്റെ/മാനേജരുടെ പേരും വിലാസവും | ഉടമസ്ഥത സ്വഭാവം സ്വന്തം/പാട്ടം | സർവ്വേ നമ്പർ | വിസ്തൃതി | | | | | | വില്ലേജ് |
|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | | | | | | (7) |
| | | | | | (1) ആകെ ജല വിസ്തൃതി | (2) റിയറിംഗ് ജല വിസ്തൃതി | (3) പ്രത്യുൽപ്പാദനക്ഷമത | (4) ഉൽപ്പാദിപ്പിക്കേണ്ട മത്സ്യത്തിന്റെ/ഇനത്തിന്റെ/തരത്തിന്റെ പേര് | (5) ഫീസ് ഒടുക്കിയതിന്റെ വിവരം | (6) രജിസ്ട്രേഷൻ നമ്പരും തീയതിയും | |
| | | | | | | | | | | | |

അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ്

ഫാറം നമ്പർ 6

[ചട്ടം 9(7) കാണുക]

**മത്സ്യവിത്ത് ഫാം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്**

(കാലാവധി 5 വർഷം)

തീയതി :

**രജിസ്ട്രേഷൻ നമ്പർ :**

1. ഫാമിന്റെ പേരും വിലാസവും :
2. അപേക്ഷകന്റെ പേരും വിലാസവും :
3. ഉടമസ്ഥ സ്വഭാവം : സ്വന്തം/പാട്ടം
   സർവ്വേ നമ്പർ :
   വിസ്തീർണ്ണം :
   വില്ലേജ് :
   തദ്ദേശ സ്വയംഭരണ സ്ഥാപനം :
4. ഫാം സംബന്ധിച്ച വിവരം :
   (എ) ജലാശയത്തിന്റെ വിസ്തൃതി :
   (ബി) റിയറിംഗ് കുളത്തിന്റെ എണ്ണവും വിസ്തൃതിയും :
5. പ്രഖ്യാപിത ഉൽപാദനശേഷി :
6. ജലസ്രോതസ്സ്
7. ഫാമിൽ ഉൽപാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള മത്സ്യ കുഞ്ഞുങ്ങളുടെ ഇനം :
8. ഈ സർട്ടിഫിക്കറ്റ് പ്രകാരം അനുമതി ലഭിച്ച മത്സ്യകുഞ്ഞുങ്ങളെ മാത്രമേ ഫാമിൽ ഉൽപാദിപ്പിക്കാൻ പാടുള്ളു.

മെമ്പർ സെക്രട്ടറിയുടെ
പേരും ഒപ്പും

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)



ഫാറം നമ്പർ 7

[ചട്ടം 9(7) കാണുക]

**മത്സ്യവിത്ത് ഹാച്ചറി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്**

(കാലാവധി 5 വർഷം)

തീയതി :

രജിസ്ട്രേഷൻ നമ്പർ :

1. ഹാച്ചറിയുടെ പേരും വിലാസവും :
2. അപേക്ഷകന്റെ പേരും വിലാസവും :
3. ഉടമസ്ഥ സ്വഭാവം :

| സ്വന്തം | പാട്ടം |
|---|---|

   (എ) സർവ്വേ നമ്പർ :
   (ബി) വിസ്തീർണ്ണം :
   (സി) വില്ലേജ് :
   (ഡി) തദ്ദേശസ്വയംഭരണ സ്ഥാപനം :
4. ഹാച്ചറി സംബന്ധിച്ച വിവരം :
   (എ) ജലാശയത്തിന്റെ വിസ്തൃതി :
   (ബി) ബ്രൂഡ് മത്സ്യക്കുളങ്ങൾ എണ്ണവും വിസ്തൃതിയും (ച.മീ.) :
   (സി) ബ്രീഡിംഗ് കുളത്തിന്റെ എണ്ണവും വിസ്തൃതിയും :
   (ഡി) ഇൻകുബേഷൻ പൂളിന്റെ എണ്ണവും വിസ്തൃതിയും :
   (ഇ) റിയറിംഗ് കുളത്തിന്റെ എണ്ണവും വിസ്തൃതിയും :

5. പ്രഖ്യാപിത ഹാച്ചറി ശേഷി :

6. ജലസ്രോതസ്സ് :

7. ഹാച്ചറിയിൽ ഉൽപാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള മത്സ്യ കുഞ്ഞുങ്ങളുടെ ഇനം :

8. ഈ സർട്ടിഫിക്കറ്റ് പ്രകാരം അനുമതി ലഭിച്ച മത്സ്യക്കുഞ്ഞുങ്ങളെ മാത്രമേ ഹാച്ചറിയിൽ ഉൽപാദിപ്പിക്കാൻ പാടുള്ളു.

സ്ഥലം :

തീയതി :

മെമ്പർ സെക്രട്ടറിയുടെ
ഒപ്പും പേരും

(ഓഫീസ് സീൽ)



ഫാറം നമ്പർ 8

[ചട്ടം 9(10) കാണുക]

പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ട ഫാം/ഹാച്ചറി സംബന്ധിച്ച രജിസ്റ്റർ

| നമ്പർ | രജിസ്റ്റർ നമ്പർ | ഫാം/ഹാച്ചറി പേരും മേൽവിലാസവും | ഫാം/ഹാച്ചറി | ഉൽപാദിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളുടെ ഇനം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |

ഫാറം നമ്പർ 9

[ചട്ടം 11(1) കാണുക]

**മത്സ്യവിത്ത് ഉൽപാദനം/വിപണനം/ഇറക്കുമതി/കയറ്റുമതി എന്നിവയ്ക്ക് ലൈസൻസിനോ ലൈസൻസ് പുതുക്കുന്നതിനോ ഉള്ള അപേക്ഷ**

(ആവശ്യമില്ലാത്തവ വെട്ടിക്കളയുക)

1. അപേക്ഷകന്റെ പേര് :
2. അച്ഛന്റെ/ഭർത്താവിന്റെ പേര് :
3. സ്ഥിരമായ മേൽവിലാസം :

   പിൻ :

   ഫോൺ :
4. സർവ്വേ നമ്പരും വില്ലേജും :
5. പഴയ ലൈസൻസ് ഉണ്ടെങ്കിൽ നമ്പർ :
6. ഉൽപാദിപ്പിക്കുന്നതിനോ വിപണനം നടത്തുന്നതിനോ ഇറക്കുമതി ചെയ്യുന്നതിനോ കയറ്റുമതി ചെയ്യുന്നതിനോ ഉദ്ദേശിക്കുന്ന മത്സ്യ ഇനങ്ങൾ :
7. ഹാച്ചറി/ഫാം രജിസ്ട്രേഷൻ നമ്പർ :
8. വിപണനം നടത്തുന്നതിനുള്ള അപേക്ഷയാണെങ്കിൽ വിപണന സ്ഥലത്തിന്റെ വിലാസവും സർവ്വേ നമ്പരും കെട്ടിട നമ്പരും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരും :
9. ഇറക്കുമതി, കയറ്റുമതി നടത്തുന്നതിനുള്ള അപേക്ഷ യാണെങ്കിൽ ഓഫീസിന്റെ വിലാസവും കെട്ടിട നമ്പരും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരും :
10. ഒടുക്കിയ തുകയും അടച്ച രീതിയും തീയതിയും :



**സത്യപ്രസ്താവന**

മുകളിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യമാണ്.

സ്ഥലം : അപേക്ഷകന്റെ ഒപ്പ്

തീയതി :

---

ഓഫീസ് ഉപയോഗത്തിന് മാത്രം

**അന്വേഷണ റിപ്പോർട്ട്**

സ്ഥലം : ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ.

തീയതി :

---

ലൈസൻസ് നമ്പർ :

നിരസിക്കുകയാണെങ്കിൽ കാരണം വ്യക്തമാക്കുക

സ്ഥലം : അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും.

തീയതി :

ഫാറം നമ്പർ 10

[ചട്ടം 11(2)(ബി) കാണുക]

.......... വർഷത്തിൽ ഉൽപാദിപ്പിക്കുവാൻ/വിപണനം/കയറ്റുമതി/ഇറക്കുമതി നടത്തുവാൻ ലക്ഷ്യമിടുന്ന മത്സ്യവിത്ത് സംബന്ധിച്ച വിവരം

1. ഹാച്ചറി/ഫാം കയറ്റുമതി/ഇറക്കുമതി കേന്ദ്രത്തിന്റെ പേരും വിലാസവും :

2. ഹാച്ചറി/ഫാം രജിസ്ട്രേഷൻ നമ്പർ :

3. ഉൽപാദനം/വിപണനം/കയറ്റുമതി/ഇറക്കുമതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ സംബന്ധിച്ച വിലാസം

| ക്രമ നമ്പർ | ഇനം | വലുപ്പം/ഘട്ടം | എണ്ണം/അളവ് | മറ്റ് വിവരങ്ങൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

സ്ഥലം :

തീയതി :

അപേക്ഷകന്റെ പേരും ഒപ്പും



ഫാറം നമ്പർ 11

[ചട്ടം 11(2)(സി) കാണുക]

റിട്ടേണുകൾ (സ്ഥിതി വിവരങ്ങൾ) ഫയൽ ചെയ്യുന്നതിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും വിലാസവും (ഫോൺ നമ്പർ സഹിതം) :

2. മത്സ്യവിത്തുല്പാദന കേന്ദ്രം/ഫാം/ വിൽപന കേന്ദ്രം/ഇറക്കുമതി കേന്ദ്രം/ കയറ്റുമതി കേന്ദ്രത്തിന്റെ വിവരങ്ങൾ :

വില്ലേജ് :

തദ്ദേശ സ്വയംഭരണ സ്ഥാപനം :

താലൂക്ക് :

ജില്ല :

3. രജിസ്ട്രേഷൻ നമ്പരും ലൈസൻസ് നമ്പരും :

4. തൻവർഷംതോറും വിൽപന നടത്തിയ/ഉൽപാദിപ്പിച്ച/ഇറക്കുമതി ചെയ്ത/കയറ്റിയയച്ച മത്സ്യത്തിന്റെ വിവരങ്ങൾ

ഇനം എണ്ണം വില

പ്രത്യേക ഷീറ്റ് ഉള്ളടക്കം ചെയ്യാവുന്നതാണ്.

സ്ഥലം :

തീയതി :

അപേക്ഷകന്റെ പേരും ഒപ്പും

അന്വേഷണ റിപ്പോർട്ട്

സ്ഥലം :

തീയതി :

ഉദ്യോഗസ്ഥന്റെ പേരും ഒപ്പും തസ്തികയും

ഫാറം നമ്പർ 12

[ചട്ടം 11(5) കാണുക]

**മത്സ്യവിത്ത് ഉല്പാദനം/വളർത്തൽ/വിപണനം/ഇറക്കുമതി/കയറ്റുമതി എന്നീ ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ**

ലൈസൻസ് നമ്പർ : വർഷം : അപേക്ഷകന്റെ പേരും വിലാസവും :

| നമ്പർ | രജിസ്ട്രേഷൻ നമ്പർ | സർവ്വേ/കെട്ടിട നമ്പർ | വില്ലേജ്/തദ്ദേശ സ്വയം ഭരണ സ്ഥാപനം | ഫീസ് അടച്ചതിന്റെ വിവരം | അനുവദിക്കപ്പെട്ട മത്സ്യങ്ങളുടെ ഇനം | | | | | അഭിപ്രായം | അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | മത്സ്യവിത്ത് | | | | | | |
| | | | | | ഉല്പാദനം ഇനം | വളർത്തൽ ഇനം | വിപണനം ഇനം | ഇറക്കുമതി | കയറ്റുമതി | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) |
| | | | | | | | | | | | |



ഫാറം നമ്പർ 13

[ചട്ടം 11(5) കാണുക]

ലൈസൻസ് നമ്പർ :

**അനുമതി പത്രം**

2014-ലെ കേരള മത്സ്യവിത്ത് ആക്റ്റിലെ (2015-ലെ 4) വ്യവസ്ഥകൾക്കും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി .................. ജില്ലയിലെ .................. താലൂക്കിലെ ........................... വില്ലേജിലെ ............................സർവ്വേ നമ്പറിലെ ....................... ഉല്പാദനശേഷിയും ...................... രജിസ്ട്രേഷൻ നമ്പരും മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്/ഫാമിന് ................... തീയതി മുതൽ ....................... തീയതി വരെ ........................... വീട്ടിൽ താമസം ................................ മകൻ/ഭാര്യ/മകൾ ആയ ................................ മത്സ്യക്കൃഷി സംബന്ധമായി താഴെപ്പറയുന്ന ഇനത്തിലുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനും വാങ്ങി വളർത്തുന്നതിനും/വിപണനം നടത്തുന്നതിനും/ഇറക്കുമതി/കയറ്റുമതി നടത്തുന്നതിനും അനുമതി നൽകുന്നു.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്നതാണ്.

**മത്സ്യങ്ങളുടെ ഇനം**

| ഉല്പാദനം | വളർത്തൽ | വിപണനം | ഇറക്കുമതി | കയറ്റുമതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

സ്ഥലം :

ലൈസൻസ് അനുവദിച്ച തീയതി :

അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ
ഒപ്പും പേരും തസ്തികയും

(ഓഫീസ് സീൽ)

33/516/2016/S-11.

## ഫാറം നമ്പർ 14

[ചട്ടം 13(1) കാണുക]

### മത്സ്യവിത്ത് ഫാം/ഹാച്ചറി/വിൽപ്പനകേന്ദ്രം എന്നിവ കൈമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷ

1. ഉടമയുടെ പേരും വിലാസവും (ഫോൺ നമ്പർ സഹിതം) :
2. ഏത് തരം സ്ഥാപനം : മത്സ്യവിത്ത് ഹാച്ചറി/ഫാം/വിൽപ്പന കേന്ദ്രം
3. വില്ലേജ് :
4. തദ്ദേശ സ്വയംഭരണ സ്ഥാപനം :
5. എങ്ങനെ എപ്പോൾ ലഭിച്ചു : വിലയാധാരം/ധനനിശ്ചയം/പാട്ട കരാർ/മറ്റുള്ളവ തീയതി
6. സ്ഥാപനം കൈവശപ്പെട്ടയാളുടെ പേരും വിലാസവും :
7. രജിസ്റ്റർ നമ്പരും തീയതിയും :
8. ലൈസൻസ് നമ്പരും തീയതിയും :

സ്ഥലം :

തീയതി :

അപേക്ഷകന്റെ പേരും ഒപ്പും വിലാസവും



## ഫാറം നമ്പർ 15

[ചട്ടം 14(1) കാണുക]

### രജിസ്ട്രേഷൻ ലഭിച്ച ഫാമുകൾ/ഹാച്ചറികൾ സൂക്ഷിക്കേണ്ടുന്ന രജിസ്റ്റർ

ഫാം/ഹാച്ചറിയുടെ പേര് :

രജിസ്ട്രേഷൻ നമ്പർ :

ലൈസൻസ് നമ്പർ :

| തീയതി | നിലവിലുള്ള മത്സ്യക്കുഞ്ഞുങ്ങളെ സംബന്ധിച്ച് | | | ബ്രൂഡേഴ്സ്/സ്റ്റോക്ക്/മത്സ്യവിത്ത് ശേഖരിച്ച സ്ഥലത്തെ സംബന്ധിച്ച് | നൽകുന്ന തീറ്റ | രോഗങ്ങൾ/പരാദങ്ങൾ | നൽകിയ ചികിത്സ/പ്രതിവിധികൾ |
|---|---|---|---|---|---|---|---|
| | ടാങ്ക് നമ്പർ | ഇനം | എണ്ണം | | | | |
| | | | | | | | |

## ഫാറം നമ്പർ 16

[ചട്ടം 14(7) കാണുക]

### മത്സ്യ ഇറക്കുമതി/കയറ്റുമതി/വിൽപ്പന കേന്ദ്രം സൂക്ഷിക്കേണ്ടുന്ന രജിസ്റ്റർ

സ്ഥാപനത്തിന്റെ പേര് : 　 രജിസ്റ്റർ നമ്പർ : 　 ലൈസൻസ് നമ്പർ :

| ഇറക്കുമതി/കയറ്റുമതി/വിൽപ്പന നടത്തിയ മത്സ്യങ്ങളെക്കുറിച്ചുള്ള വിവരം | | | ടാങ്ക് നമ്പർ | ലോട്ട് നമ്പർ | ശേഖരിച്ച ഹാച്ചറി/ ഫാമിന്റെ പേര് |
|---|---|---|---|---|---|
| തീയതി | ഇനം | എണ്ണം | | | |
| | | | | | |



## ഫാറം നമ്പർ 17

[ചട്ടം 15(6) കാണുക]

### മത്സ്യവിത്ത് ഇൻസ്പെക്ടർ ശേഖരിച്ച സാമ്പിളിന്റെ വില ലഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ

1. സാമ്പിൾ ശേഖരിച്ച ഹാച്ചറിയുടെ പേര് :
2. രജിസ്ട്രേഷനും ലൈസൻസ് നമ്പരും :
3. ശേഖരിച്ച സാമ്പിളിന്റെ ഇനം, വലിപ്പം :
4. സാമ്പിളിന്റെ വില :
5. രസീത് നമ്പർ, തീയതി :
6. ഹാച്ചറി ഉടമയുടെ/ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഒപ്പും :
7. മത്സ്യവിത്ത് ഇൻസ്പെക്ടറുടെ പേരും ഒപ്പും :

### സാക്ഷ്യപത്രം

മേൽ അപേക്ഷ പ്രകാരം ഹാച്ചറിക്ക് നൽകിയിട്ടുള്ള മത്സ്യവിത്ത് സാമ്പിളിന്റെ തുകയായ ........................................ രൂപ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

മത്സ്യവിത്ത് ഇൻസ്പെക്ടറുടെ
പേരും ഒപ്പും .